# വിശാലകൊച്ചിവികസന അതോറിറ്റി

**പി.ബി. നമ്പർ 2012 ഫോൺ : 2205061 ഫാക്സ് 91 484 2206230 കൊച്ചി–682020**

**Website : (www.gcda.kerala.gov.in); E-mail : gcdaonline@gmail.com**

*"ഭരണഭാഷ – മാതൃഭാഷ"*

നമ്പർ.3734/ഐ.ഒ./2017/ജി.സി.ഡി.എ. തീയതി, 31.05.2017

പ്രേഷിതൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

ചെയർമാൻ
ഹാർട്ട്കെയർ ഫൗണ്ടേഷൻ
ആനത്താനം സ്റ്റുഡിയോ
ഓൾഡ് റെയിൽവേ സ്റ്റേഷൻ
കൊച്ചി – 682018

സർ,

വിഷയം:- ജി.സി.ഡി.എ. -ഭരണവിഭാഗം - വിവരാവകാശ നിയമം -വിവരങ്ങൾ നൽകൽ – സംബന്ധിച്ച്.
സൂചന:- താങ്കളുടെ 06.05.2017 തീയതിയിൽ ലഭിച്ച അപേക്ഷ.

----------

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ താഴെ കാണും പ്രകാരം നൽകുന്നു.

ചോദ്യം 1. :- 10.03.2016-ലെ രസീത് നമ്പർ 13712 വാടക കരാർ പ്രകാരം ഹാർട്ട്കെയർ ഫൗണ്ടേഷന് ലഭിച്ച ഭൂമിയുടെ ഇപ്പോഴത്തെ സ്ഥിതി വിവരം നൽകണമെന്ന് അപേക്ഷിക്കുന്നു.

ഉത്തരം :- ഹാർട്ട്കെയർ ഫൗണ്ടേഷന് ഭൂമി അനുവദിച്ചതുമായി ബന്ധപ്പെട്ട് ശ്രീ.ജോസ് ചാക്കോ പെരിയപ്പുറം ബഹു.സർക്കാരിലേക്ക് കത്തയക്കുകയും ആയതിന് ബഹു.സർക്കാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആയതനുസരിച്ച് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിലേക്ക് അയച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ നിയമോപദേശം ലഭ്യമാക്കി അഭിപ്രായം സർക്കാരിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ബഹു.സർക്കാരിലേക്ക് റിപ്പോർട്ട് നൽകുന്നതിനായി ഹ്യസ്വകാലത്തേക്ക് (10 വർഷം) ലീസിനു നൽകി 3 നില കെട്ടിടം(പെർമനന്റ് കൺസ്ട്രക്ഷൻ) അംഗീകൃത ഡി.റ്റി.പി സ്കീം മാപ്പ് പ്രകാരം പാർക്കായിട്ടുള്ളതും കൊച്ചിൻ കോർപ്പറേഷനിൽ നിന്ന് കൈമാറിയിട്ടുള്ളതുമായ സ്ഥലത്ത് കെട്ടിടം പണിയുന്നതിന്റെ നിയമവശവും ലീസ് തുക സംബന്ധിച്ച വിഷയത്തിലും നിയമോപദേശം തേടിക്കൊണ്ട് അഡ്വക്കേറ്റിന് കത്തയച്ചിട്ടുള്ളതാണ്. എന്നാൽ ഇതുവരെ മറുപടി ലഭ്യമായിട്ടില്ല.

എസ്റ്റേറ്റ് സെക്ഷനിൽ ലഭ്യമായ ഫയൽ പരിശോധിച്ചതിൽ നിന്നും 10.03.2016 ൽ ലീസിന് എഗ്രിമെന്റ് വച്ചിട്ടുള്ളതാണ്. ആയതിന് ശേഷം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആവശ്യപ്പെട്ടത് പ്രകാരം 26.10.16-ൽ ഫയൽ വിജിലൻസ് ഓഫീസിലേക്ക് നൽകിയിട്ടുള്ളതാണ്. ടി ഫയൽ തിരികെ ലഭിച്ചിട്ടില്ലാത്തതാണ്.

അപ്പീൽ അധികാരിയുടെ മേൽവിലാസം

**എം.സി. ജോസഫ്**
അപ്പലേറ്റ്അതോറിറ്റി/ സെക്രട്ടറി
ജി.സി.ഡി.എ, കൊച്ചി- 682020.

വിശ്വസ്തതയോടെ

**എ. ഇമാമിൻ മുബീൻ**
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

cv